വിദ്യാഭ്യാസപദ്ധതി

* ൭൪൨. (൨൫) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ദയവു മറുപടി നൽകുമോ.—

(എ) എത്തെല്ലാം സഹകായ്ക്ക മാനേജ്മെൻറിലുള്ള സെക്കണ്ടറി സ്കൂൾ മാനേജർമാർ ഫീസുകളക്ഷനിലെ വ്യ ശതമാനം ഗവൺമെൻറിലേക്ക കൊടുക്കുവാൻ ബാക്കിയുണ്ട്;

(ബി) അങ്ങനെയുള്ളവരുടെ പേരിൽ എന്തു നടപടി എടുത്തുവരുന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എതാനും വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും മാനേജ്മെൻറിലുള്ള ചില സ്കൂളുകളിൽ ഫീസ് കളക്ഷൻറെ വ്യ ശതമാനം ഗവൺമെൻറിലേയ്ക്കടയ്ക്കാൻ ബാക്കിയുണ്ട്. എത്തെല്ലാം സ്കൂളുകളാണെന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) എല്ലാ സ്കൂളുകളും പുതിയ പദ്ധതി സ്വീകരിക്കുമെന്നും കരുതുന്നതുകൊണ്ട് അവരുടെ പേരിൽ നടപടി എടുക്കുന്ന കാര്യം ഗവൺമെൻറ് ആലോചിക്കാനിടയായിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: ഇതേവരെയുള്ള അനുഭവംകൊണ്ട് ഗവൺമെൻറിൻറെ പുതിയ പദ്ധതി സ്വീകരിക്കാത്തവർ ഉണ്ടെന്നു ഇതേവരെ മനസ്സിലായിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: കുറേ സ്കൂളുകൾ ഇതുവരെ അംഗീകരിച്ചിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: അവരുടെ പേരിൽ നടപടി എടുക്കേണ്ടതല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റിയാണു ഇവിടെ പറഞ്ഞിട്ടുള്ളതു്.

ശ്രീ. ഇട്ടീര അയ്യക്കൻ: പുതിയ സ്കീമിനെ സഹകായ്ക്ക മാനേജ്മെൻറുകളിൽ വല്ലവരും എതിർത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില വിഭാഗക്കാർ എതിർത്തിട്ടുള്ളതായി അറിയാം.

ശ്രീ. ഇട്ടീര അയ്യക്കൻ: ചില പ്രത്യേക വിഭാഗക്കാർ എതിർത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചോദ്യത്തിൻറെ വ്യാപ്തി മനസ്സിലായില്ല.

ശ്രീ. ഇട്ടീര അയ്യക്കൻ: ഈ രാജ്യത്തെ വിദ്യാഭ്യാസവിഷയത്തിൽ ഒരു പ്രധാന പങ്കു വഹിക്കുന്ന ക്രസ്ത്യൻ സമുദായം ഈ പദ്ധതിയെ എതിർത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ക്രസ്ത്യാനികളിൽ എല്ലാവരും എതിർത്തിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്. സർ, ഇങ്ങനെ എതിർത്തിട്ടില്ലെന്നു പറയുന്നതിൽ വല്ല കഴമ്പും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴമ്പിൻറെ കാര്യം എനിക്കറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരാൻ സാദ്ധ്യതയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒത്തുതീർപ്പിനു് ശ്രമിക്കുമ്പോഴേ അതറിയുവാൻ സാധിക്കയുള്ളൂ.

Sri. D. Gnanasigamoni: May I know whether the scheme is compulsory?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പൽസറി ആക്കുന്നതിനെപ്പറ്റി തീരുമാനിച്ചിട്ടില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: ഈ കാര്യം സംബന്ധിച്ചു് പണ്ഡിതനായ ശ്രീ. ഐ. സി. ചാക്കോയുടെ ലേഖനങ്ങൾ ഗവൺമെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു് ഗവൺമെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

ശ്രീ. ഇട്ടിര അയ്യുക്കൻ: രാജ്യത്തെ ഒരു നല്ല വിഭാഗം ജനങ്ങൾ എതിർക്കുന്ന ഒരു കാര്യം ഗവൺമെൻറ് നടപ്പിലാക്കാമോ?

Mr. Speaker: It is a matter of opinion.

ശ്രീ. എ. താണുപിള്ള: സർ, എല്ലാ സ്കൂളുകളും ഈ പദ്ധതി സ്വീകരിക്കണമെന്ന ഉദ്ദേശത്തിലാണോ ഇതു് നടപ്പിൽ വരുത്തിയതു്?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാ സ്കൂളുകളും അംഗീകരിക്കുമെന്നാണു് ഗവൺമെൻറിൻെറ വിശ്വാസം.

ശ്രീ. എ. താണുപിള്ള: അംഗീകരിക്കണമെന്നുള്ള അടിസ്ഥാനത്തിൽ ആണോ കൊണ്ടുവന്നതു് എന്നാണു് എൻെറ ചോദ്യം?

ശ്രീ. ടി. കെ. നാരായണപിള്ള: അംഗീകരിക്കുമെന്നതന്നെയാണു് ഗവൺമെൻറിൻെറ വിശ്വാസം.

ശ്രീ. എ. താണുപിള്ള: സർ, ഞാൻ അതല്ല ചോദിച്ചതു്. ഉത്തരം പറയാൻ മനസ്സുണ്ടെങ്കിൽ പറഞ്ഞാൽ മതി. ഗവൺമെൻറിൻെറ വിശ്വാസത്തെപ്പറ്റിയല്ലാ ഞാൻ ചോദിക്കുന്നതു്. ഇതു നടപ്പാക്കുമ്പോൾ എല്ലാവരും അംഗീകരിക്കണമെന്നുള്ള വിചാരത്തിലാണോ അതോ ഇഷ്ടമുള്ളവർ മാത്രം സ്വീകരിച്ചാൽ മതി എന്നുള്ള വിചാരത്തിലാണോ കൊണ്ടുവന്നതു് എന്നാണു് ഞാൻ ചോദിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാവരും സ്വീകരിക്കണമെന്നാണു്.

ശ്രീ. എ. താണുപിള്ള: അങ്ങനെയാണെങ്കിൽ ഇതു് അംഗീകരിക്കാത്ത സ്കൂളുകളുടെ മേൽ എന്തു നടപടിയാണു് നടത്താനുദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് ആരെങ്കിലും സ്വീകരിക്കാതിരിക്കുമെന്നുള്ള നിശ്ചയത്തിൽ ഗവൺമെൻറ് ഇനിയും എത്തിച്ചേർന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള: അതു് നിശ്ചയിക്കാൻ ഇനി എത്രകാലം വേണ്ടിവരും?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: എത്ര വർഷത്തിനകം ഇതു് നടപ്പിൽ വരുത്തണമെന്നാണു് ഗവൺമെൻറിൻെറ ഉദ്ദേശം?

ശ്രീ. ടി. കെ. നാരായണപിള്ള: കാലാവധിയെപ്പറ്റി പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: No discussion can be allowed. Facts may be ascertained.

Sri. D. Gnanasigamoni: May I know whether there is any similar scheme anywhere in India?

Sri. T. K. Narayana Pillai: The hon'ble Member himself can make enquiries.

അലുവാ ബസ്സ് സ്റ്റാൻഡ്

* ൭൪൨. (൨൩) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മാരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അലുവാ ബസ്സ് സ്റ്റാൻറിൽനിന്നും ദിവസംതോറും ധാരാളം സ്ഥലത്തേക്കു പോകുന്നതും വരുന്നതുമായ ബസ്സുകൾ എത്ര;

(ബി) അലുവായിൽ ബസ്സ് സ്റ്റാൻഡ് ഉണ്ടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ, എന്നത്തേക്ക്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഡിപ്പാർട്ട്മെൻറൽ ബസ്സുകൾ ൨൫. പ്രൈവറ്റ് ബസ്സുകൾ ൩൫

(ബി) ബസ്സ് സ്റ്റാൻഡ് ഉണ്ട്. വാടകസ്ഥലത്താണ്. ഡിപ്പാർട്ട്മെൻറ് വകയായിട്ടു ബസ്സ് സ്റ്റാൻഡ് ഉണ്ടാക്കുന്ന പദ്ധതി ഡിപ്പാർട്ടുമെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: ഏതു സ്ഥലത്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലം സംബന്ധമായിട്ട് കിട്ടാത്തതുകൊണ്ടാണ് ഉണ്ടാക്കാത്തത്. അലുവായിൽ സർവ്വേ ൦ ൦/൫ ഏയിൽ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. സി എ. മേത്തർ: ഈ സ്ഥലം റെയിൽവേ സ്റ്റേഷനടുത്താണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെന്നാണ് തോന്നുന്നത്.

ബസ്സ് ടിക്കറ്റുകൾ

* ൭൪൩. (൨൭) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബസ്സുകളിൽ യാത്രക്കാർക്കു ടിക്കറ്റു കൊടുക്കുന്ന സമ്പ്രദായം എങ്ങനെ;

(ബി) യാത്രക്കാർ ബസ്സിൽ കയറിയിരുന്നശേഷം കൊടുക്കുന്നതോ, കാലേക്കൂട്ടി ബുക്കിംഗ് ആഫീസിൽനിന്നും കൊടുക്കുന്നതോ സാധാരണ പതിവ്;

(സി) അലുവാ സ്റ്റാൻറിൽ ഏതു സമ്പ്രദായമാണ് ഇപ്പോൾ നടപ്പിലിരിക്കുന്നത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) യാത്രക്കാർ ബസ്സിൽ കയറിയതിനുശേഷവും അതിനുമുമ്പും ടിക്കറ്റുകൊടുക്കുക സാധാരണയാണ്. കാലേക്കൂട്ടി ബുക്കിങ് ആവശ്യപ്പെട്ടപ്പോൾ കൊടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly